Minister of Harijan Welfare and Community Development **(Sri Damodaran Kalassery):**

(a) Yes.

(b) Does not arise.

പുതിയ റോഡുകൾ ഏറ്റെടുക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം

* 171 [184] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ഈ വർഷം എത്ര പുതിയ റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പുതിയ റോഡുകൾ ഏറ്റെടുക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) 30.

(ബി) 1. റോഡിന് എട്ടുമീറ്റർ വീതിയുണ്ടായിരിക്കണം.

2. രണ്ടിൽകൂടുതൽ പഞ്ചായത്തുകളിൽക്കൂടി കടന്നു പോകണം.

3. റോഡിൽക്കൂടി ക്രമമായ ബസ് ഗതാഗതം ഉണ്ടായിരിക്കണം.

4. രണ്ടു പ്രധാനപ്പെട്ട പൊതുമരാമത്തു റോഡുകളെത്തമ്മിൽ ബന്ധിപ്പിക്കുന്നതും തുടർന്നുള്ള ഗതാഗതത്തിന് ഒരു അവിഭാജ്യ ഘടകമായിട്ടുള്ളതുമായിരിക്കണം. ഇതിൽ ആദ്യത്തേതും മറ്റേതെങ്കിലും ഒരു നിബന്ധനയും തൃപ്തിപ്പെടുത്തുന്ന പഞ്ചായത്ത് റോഡുകൾ മാനദണ്ഡത്തിന് അനുസൃതമാണ് എന്നു കരുതപ്പെടും.

കല്ലട പദ്ധതിയുടെ നിർമ്മാണം

* 172 [185] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതവസ്ഥയിൽ ഇരിക്കുന്നു എന്നു വ്യക്തമാക്കാമോ;

(ബി) പദ്ധതി എന്നു പൂർത്തിയാക്കാൻ സാധിക്കും;

(സി) കല്ലട പദ്ധതിയുടെ നിർമ്മാണത്തിനായി ലോകബാങ്കിൽ നിന്നു എത്ര ലക്ഷം രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) ഇപ്രകാരം ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതിന് ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ ലോകബാങ്കിന്റെ പ്രതികരണം എന്താണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ–ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) പരപ്പാർ ഡാമിന്റെയും വലതുകര കനാലിന്റെ 44–ാം കിലോ മീറ്റർ വരെയുള്ള ഭാഗത്തിന്റെയും ശാസ്താംകോട്ട ബ്രാഞ്ചുകനാലിന്റെയും പണികൾ പുരോഗമിച്ചു വരുന്നു. ഇടതുകര കനാലിന്റെ കുറേഭാഗം ഇൻവെസ്റ്റിഗേഷൻ ആയിട്ടുണ്ട്. ഇതിന്റെ തുടക്കത്തിലുള്ള ഏതാനും കിലോമീറ്ററിന്റെ പണിക്ക് ഇക്കൊല്ലംതന്നെ ടെൻഡർ നൽകാനുള്ള നടപടികൾ എടുത്തു വരുന്നു. ഇപ്പോഴത്തെ അടങ്കൽത്തുകയായ 88.30 കോടി രൂപയിൽ 1978–79 അവസാനംവരെ 25.39 കോടി രൂപാ ചെലവാക്കിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതിക്കുവേണ്ടി 9.45 കോടി രൂപ വക കൊള്ളിച്ചിരിക്കുന്നു.

(ബി) അടുത്ത ആറുവർഷംകൊണ്ടു പൂർത്തിയാക്കാമെന്നു കരുതുന്നു.

(സിയും ഡിയും) കല്ലട, മൂവാറ്റുപുഴ, ഇടമലയാർ, കാക്കടവ് എന്നീ ജലസേചന പദ്ധതികൾ ഒന്നിച്ചു ചേർത്തുകൊണ്ട് "കേരളാ കോമ്പസിറ്റ് ഇറിഗേഷൻ പ്രോജക്ട്" എന്ന പദ്ധതി ലോകബാങ്കിന്റെ സഹായത്തിനായി വച്ചിട്ടുണ്ട്. ഈ നാലു പദ്ധതികൾക്കുംകൂടി 180 മുതൽ 200 കോടി രൂപാ വരെ ചെലവാകുമെന്നു കണക്കാക്കിയിരിക്കുന്നു. ലോകബാങ്ക് പദ്ധതിക്കു ചെലവാക്കുന്നതിന്റെ പകുതിയാണ് കടമായി തരുന്നത്. പദ്ധതി പരിശോധിച്ച് ലോകബാങ്കിന്റെ ഉദ്യോഗസ്ഥൻമാർ നാണ്യവിളകൾക്കുകൂടി ജലസേചനസൗകര്യം എത്തിക്കണമെന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിശദമായ അഭിപ്രായ പ്രകടനത്തിന് അവസരമുണ്ടായിട്ടില്ല. പദ്ധതിയുടെ സാമ്പത്തിക ഭദ്രത പരിഗണിച്ചശേഷമേ ലോകബാങ്ക് സഹായം നൽകുകയുള്ളൂ. 1980-81-ൽ പദ്ധതിക്ക് ലോകബാങ്ക് സഹായം പ്രതീക്ഷിക്കുന്നുണ്ട്.

വികസന ബ്ലോക്കുകളിൽ ജൂനിയർ എൻജിനീയർമാരുടെ ഒഴിവ്

* 173 [186] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം വികസനബ്ലോക്കുകളിൽ ജൂനിയർ എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) വളരെയധികം വികസന പ്രവർത്തനം നടക്കുന്ന ബ്ലോക്കാഫീസുകളിൽ ജൂനിയർ എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കാരണം മേൽപ്പടി ആഫീസിലെ പ്രവർത്തനം മന്ദീഭവിക്കുന്നതായി ഗവൺമെന്റിന് പരാധികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) കൃത്യമായ എണ്ണം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly